(സി) 1960 മുതൽ വ്യവസ്ഥ നടപ്പിലാക്കുകയാണെങ്കിൽ ഗിരിജനങ്ങൾക്ക് എത്ര ഭൂമി തിരിച്ച് കിട്ടും;

(ഡി) 1982 ആക്കി മാററുന്നതുമൂലം ഗിരിജനങ്ങൾക്ക് എത്ര നഷ്ടപ്പെടും;

(ഇ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഗിരിജനങ്ങൾ തിങ്ങി പാർക്കുന്നത്; 1960 മുതൽ 1986 മേയ് വരെ എത്ര ഹെക്ടർ ഭൂമി ഗിരിജനങ്ങളിൽനിന്ന് മററുള്ളവർ വാങ്ങിയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഗിരിജനങ്ങളെ രക്ഷിക്കാൻ വേണ്ടി 1960 മുതൽ പ്രാബല്യം കൊടുത്ത് നടപ്പിലാക്കിയ നിയമം 1982 ആക്കി മാററിയ ഉത്തരവ് റദ്ദാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) ഇല്ല. 1-1-1960-നും കേരള ഗിരിജന ഭൂമി വീണ്ടെടുക്കൽ നിയമം നിലവിൽവരുന്ന തീയതിക്കുമിടക്ക് ഒരു ഗിരിജൻ മറെറാരു ഗിരിജനൊഴികെ മററാർക്കെങ്കിലും ഭൂമി കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമി ഗിരിജന ഉടമയ്ക്ക് തിരികെ ലഭിക്കുമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 24-1-1986-ൽ പുറപ്പെടുവിച്ച 89-ാം നമ്പർ കേരള അസാധാരണ ഗസററിൽ പ്രസ്തുത നിയമം 1-1-1982 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം മാത്രമാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്.

(സി) കണക്ക് എടുത്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വയനാട്, ഇടുക്കി, പാലക്കാട്, കാസർകോഡ്, കോട്ടയം, കണ്ണൂർ, തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളിലാണ് ഗിരിവർഗ്ഗക്കാർ കൂടുതലുള്ളത്. 1960 മുതൽ 1986 മേയ് വരെ ഗിരിവർഗ്ഗക്കാരിൽനിന്ന് മററുള്ളവർ വാങ്ങിയ ഭൂമിയുടെ കണക്ക് എടുത്തിട്ടില്ല.

(എഫ്) എ, ബി വിഭാഗങ്ങളുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

## മൽസ്യ ബന്ധന തുറമുഖങ്ങൾ

* 124 [126] ശ്രീ. പി. കെ. കെ. ബാവ:
,, എം. പി. എം. ഇസ്ഹാക്ക്കുറിക്കൾ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മൽസ്യബന്ധന തുറമുഖങ്ങൾ ഉണ്ട്;

(ബി) ഈ മൽസ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനു വേണ്ടി എന്തെങ്കിലും നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പുതിയ മൽസ്യബന്ധന തുറമുഖങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഇപ്പോൾ കൊച്ചിയിൽ ഒരു മൽസ്യബന്ധന തുറമുഖം മാത്രമേ എല്ലാ സൗകര്യങ്ങളോടുംകൂടി കേരളത്തിൽ പ്രവർത്തിച്ചു വരുന്നുള്ളൂ.

(ബി) ഉണ്ട്.

(സി) കൊച്ചിയിലുള്ള മൽസ്യബന്ധന തുറമുഖം വികസിപ്പിക്കുവാൻ കൊച്ചിയിൽ പോർട്ട് ട്രസ്റ്റ് ഒരു കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതി കേന്ദ്രാനുമതിക്ക് വേണ്ടി അയയ്ക്കുന്നതിനായിട്ട് തയ്യാറാക്കിയിട്ടുണ്ട്. നീണ്ടകരയിൽ 1480 ചെറുകിട ബോട്ടുകൾക്ക് പ്രവർത്തനസൗകര്യം നൽകുന്ന മൽസ്യബന്ധന തുറമുഖം നിർമ്മിച്ചു വരുന്നു. നിർമ്മാണം ഈ സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞത്ത് ആഴക്കടൽ മൽസ്യബന്ധനം നടത്തുന്നതിന് കഴിവുള്ള വൻകിട ട്രാളറുകൾക്ക് പ്രവർത്തനസൗകര്യം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ മാപ്ളബേ, തലായി, അഴീക്കൽ, പൊന്നാനി എന്നിവിടങ്ങൾ വൻകിട മൽസ്യബന്ധന തുറമുഖങ്ങളായും ചെറുവത്തൂർ, ചോമ്പാൽ, പുതിയാപ്പ, ചേററുവായ്, മുനമ്പം, കോട്ടപ്പുള്ളി, കായംകുളം, തങ്കശ്ശേരി, മുതലപ്പൊഴി എന്നിവ ചെറുകിട തുറമുഖങ്ങളായും വികസിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ഡി) ഉണ്ട്. കേന്ദ്രാനുമതിക്ക് വിധേയമായി ഈ സാമ്പത്തിക വർഷം മുനമ്പം, തങ്കശ്ശേരി എന്നി മൽസ്യബന്ധന തുറമുഖങ്ങളുടെ പണി തുടങ്ങാനുദ്ദേശിക്കുന്നു. അതിലേയ്ക്കായി യഥാക്രമം 10 ലക്ഷം രൂപയും 2 ലക്ഷം രൂപയും ഈ വർഷത്തെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## എയ്ഡ്സ് രോഗത്തിന് നിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കാൻ നടപടി

* 125 [127] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, നാലകത്ത് സൂപ്പി:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, കെ. പി. രാമൻ:
,, എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡ്സ് (Acquired Immunity Deficiency Syndrome) രോഗം ബാധിച്ച ഏതെങ്കിലും രോഗികൾ ഉള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ആശുപത്രിയിലാണ് ഈ രോഗിയെ പ്രവേശിപ്പിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly